ഉത്തരം

(എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1996-ൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഇപ്പോൾ നിലവിലുള്ള എ.പി.എൽ., ബി.പി.എൽ. കാർഡുടമകളെ തെരഞ്ഞെടുത്തത്. ആ ലിസ്റ്റ് പുതിയ തീരുമാനം എടുക്കുന്നതുവരെ തുടരും.

(ബി) ഗ്രാമസഭകൾ നടത്തുന്ന സർവ്വേ റിപ്പോർട്ടാണ് അടിസ്ഥാനമാക്കുന്നത്.

(സി) ബി.പി.എൽ. കാർഡുപയോഗിച്ചല്ല അന്ത്യോദയ അന്നയോജനക്കാർക്ക് അരി നൽകിവരുന്നത്. കേന്ദ്രം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ആകെ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണത്തിലും അവർക്കായി അനുവദിച്ചു നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിലും മാറ്റം വരുത്താതെ, നിലവിൽ ബി.പി.എൽ. കാർഡില്ലെങ്കിലും അർഹരായവർക്ക് അന്ത്യോദയ അന്നയോജന പദ്ധതിയുടെ ആനുകൂല്യം നൽകാവുന്നതാണെന്നും ഇവരെ പിന്നീട് ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം ലഭിക്കുന്നതിനു മുമ്പുതന്നെ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുന്ന ലക്ഷ്യം കൈവരിച്ചു കഴിഞ്ഞതിനാൽ പദ്ധതിയിൽ ഗുണഭോക്താക്കളെ പുതിയതായി ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്.

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന തേയില

42 [2011] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ശബരി ചായപ്പൊടിക്കുവേണ്ട തേയില സംസ്ഥാനത്തിന് പുറത്തു നിന്നാണ് ശേഖരിക്കുന്നതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തോട്ടം മേഖലയിലെ പ്രതിസന്ധി പരിഗണിച്ച് കേരളത്തിലെ തോട്ടങ്ങളിൽ നിന്ന് തേയില സംഭരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷൻ ഇപ്പോൾ ശബരി ചായപ്പൊടി തയ്യാറാക്കി വിതരണം നടത്തുന്നത് എപ്രകാരമാണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ശബരി ചായപ്പൊടി സംസ്ഥാനത്തിനു പുറത്തുനിന്നും ശേഖരിക്കുന്നില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൊച്ചിയിലെ ആഴ്ചതോറുമുള്ള ലേലത്തിൽ പങ്കെടുത്താണ് തേയില ശേഖരിക്കുന്നത്.

(സി) തെക്കേ ഇന്ത്യയിലെ തേയില തോട്ടങ്ങളിൽ നിന്നും ശേഖരിക്കുന്ന തേയില, ടീ ബോർഡ് ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ എല്ലാ ചൊവ്വാഴ്ചകളിലും നടക്കുന്ന ലേലത്തിലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങുന്നത്.

(ഡി) ബ്ലെന്റ് ചെയ്യാനുള്ള തേയില കൊച്ചിയിലെ ആഴ്ചതോറുമുള്ള ലേലത്തിൽ പങ്കെടുത്ത് ശേഖരിക്കുകയും ആയത് ആവശ്യമായ രുചിയും മറ്റു ഗുണങ്ങളും ലഭിക്കത്തക്ക രീതിയിൽ ബ്ലെന്റ് ചെയ്ത് വിവിധതരം പാക്കറ്റുകളിലും ചാക്കിലും നിറച്ച് തയ്യാറാക്കി വിതരണം ചെയ്യുന്നു. ശബരി തേയില സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചില്ലറ വിൽപ്പനശാലകൾ വഴിയും, റേഷൻ കട, കുടുംബശ്രീ യൂണിറ്റുകൾ തിരഞ്ഞെടുത്ത അംഗീകൃത വിതരണക്കാർ വഴിയും വിറ്റുവരുന്നു.

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വസ്തുവകകൾ അന്യാധീനപ്പെടുന്നത് തടയാൻ നടപടി

43 [2012] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അധീനതയിലുള്ള വസ്തുവകകൾ നിയമക്കുരുക്കിൽപ്പെട്ട് അന്യാധീനപ്പെട്ടുപോകുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാതെ പോകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയെ നിയമക്കുരുക്കിൽ നിന്നും മോചിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ കോർപ്പറേഷന്റെ അധീനതയിലായ വസ്തുവകകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly